# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*255 — 10.12.2018 -ൽ മറുപടിക്ക്

## സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹിം<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.മുരളി പെരുനെല്ലി<br>,, കെ.ഡി.പ്രസേനൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകൾ അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിനായി ആവിഷ്കരിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.<br><br>സംസ്ഥാനത്ത് ആകെ 1536 വില്ലേജ് ഓഫീസുകളിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം ഇതുവരെ 130 വില്ലേജ് ഓഫീസുകൾക്ക് നവീകരണം/കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 49 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. |

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഡിജിറ്റൽ ഇൻഡ്യ മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഭൂമി സംബന്ധമായ എല്ലാ രേഖകളുടെയും ഡിജിറ്റൈസേഷനിലൂടെയുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം അനുസരിച്ച് ഭൂരേഖകൾ ഡിജിറ്റലൈസേഷനു മായി ബന്ധപ്പെട്ട് റവന്യൂ റിക്കോർഡുകളിൽ **ടെക്സ്ച്വൽ ഡാറ്റായുടെ (Textual Data)** ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് മുഖാന്തിരവും സ്പാഷ്യൽ ഡാറ്റയുടെ (Spatial Data) ഡിജിറ്റൈസേഷൻ സർവ്വേ വകുപ്പ് മുഖാന്തിരവുമാണ് നടത്തുന്നത്.

<u>സർവ്വെയും ഭൂരേഖയും വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ</u>

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലാണ് റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളത്. ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് ഡിജിറ്റൈസേഷൻ (സ്കാനിംഗ്) പൂർത്തിയാക്കിയ വില്ലേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | റെക്കോർഡുകളുടെ ഇനം | സ്കാനിംഗ് പൂർത്തിയായ വില്ലേജുകൾ |
|---|---|---|
| 1 | എഫ് എം ബി | 802 |
| 2 | ബ്ലോക്ക് മാപ്പുകൾ | 558 |
| 3 | ലാൻഡ് രജിസ്റ്റർ | 103 |
| 4 | ബി ടി ആർ | 114 |
| 5 | ഏരിയ രജിസ്റ്റർ | 184 |
| 6 | സപ്ലിമെന്ററി എഫ് എം ബി | 272 |

കൂടാതെ ഡിജിറ്റൈസേഷൻ പദ്ധതികളുടെ ഭാഗമായി 802 വില്ലേജുകളുടെ FMB മാപ്പുകൾ ഇ-രേഖ വെബ് പോർട്ടലിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. ടി റെക്കോർഡുകൾ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനായി തിരയുന്നതിനും, പണമടക്കാതെ തന്നെ കാണുന്നതിനും, ഓൺലൈനായി പണമടച്ച് ഡൗൺലോഡ് ചെയ്യുന്നതിനും ഉള്ള സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്.

<u>റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ</u>

സംസ്ഥാനത്ത് 1615 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തി ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ ആക്കിയിട്ടുണ്ട്. ടി വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ശേഷിക്കുന്ന വില്ലേജുകൾ ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

| | |
|---|---|
| (സി) അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനും സർക്കാർ ഭൂമിയുടെ സംരക്ഷണവും ഭൂവിനിയോഗവും കാര്യക്ഷമമാക്കുന്നതിനുമുള്ള ലാൻഡ് ബാങ്ക് പദ്ധതി ഫലപ്രദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേകപൂർവ്വം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് <u>www.kslb.kerala.gov.in</u> എന്ന ഇ-മെയിൽ വിലാസത്തിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്.<br>നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതിനും |

കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും വേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ നിലവിലുള്ള ടി ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാകയാൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കി കൊടുക്കുന്നതുമായുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമി ചുറ്റുമതിൽ/കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകി വരുന്നു.

റവന്യൂ ഭൂമി മുഴുവൻ റീസർവ്വെ നടത്തി ഉടമസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നിലവിൽ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ച് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് പ്രവർത്തിക്കുന്നുണ്ട്.

കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് (KSLB) എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു പുതിയ പി.എം.യു രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. KLRMM രൂപീകരിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് ഇതിൽ സംയോജിപ്പിക്കുന്നതുമാണ്.

(signature)

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ഒന്നാം ഘട്ടം - നവീകരണം (2013-14)

| ക്രമ നം. | ജില്ല | വില്ലേജ് ഒന്നാം ഘട്ടം (നവീകരണം) | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | തൈക്കാട് | പൂർത്തീകരിച്ചു |
| 2 | കൊല്ലം | തൃക്കോവിൽവട്ടം | പൂർത്തീകരിച്ചു |
| 3 | പത്തനംതിട്ട | മലയാലപ്പുഴ | പൂർത്തീകരിച്ചു |
| 4 | ആലപ്പുഴ | തിരുവൻവണ്ടൂർ | പൂർത്തീകരിച്ചു |
| 5 | കോട്ടയം | ചങ്ങനാശ്ശേരി | പൂർത്തീകരിച്ചു |
| 6 | ഇടുക്കി | ഇടുക്കി | പൂർത്തീകരിച്ചു |
| 7 | എറണാകുളം | ആലുവ വെസ്റ്റ് | പൂർത്തീകരിച്ചു |
| 8 | തൃശ്ശൂർ | അരണാട്ടുകര | പൂർത്തീകരിച്ചു |
| 9 | പാലക്കാട് | വടകരപ്പതി | പൂർത്തീകരിച്ചു |
| 10 | കോഴിക്കോട് | നഗരം | പൂർത്തീകരിച്ചു |
| 11 | മലപ്പുറം | അമരമ്പലം | പൂർത്തീകരിച്ചു |
| 12 | വയനാട് | നൂൽപ്പുഴ | പൂർത്തീകരിച്ചു |
| 13 | കണ്ണൂർ | കുത്തുപറമ്പ് | പൂർത്തീകരിച്ചു |
| 14 | കാസറഗോഡ് | കാസറഗോഡ് ഗ്രൂപ്പ് | പൂർത്തീകരിച്ചു |

രണ്ടാം ഘട്ടം – നിർമ്മാണം (2014-15)

| ക്രമ നം. | ജില്ല | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | നാവായിക്കുളം | പൂർത്തീകരിച്ചു |
| 2 | കൊല്ലം | പേരയം | പൂർത്തീകരിച്ചു |
| 3 | കൊല്ലം | പടിഞ്ഞാറേ കല്ലട | പൂർത്തീകരിച്ചു |
| 4 | പത്തനംതിട്ട | പന്തളം | പൂർത്തീകരിച്ചു |
| 5 | ആലപ്പുഴ | അർത്തുങ്കൽ | പൂർത്തീകരിച്ചു |
| 6 | കോട്ടയം | ചെമ്പ് | പൂർത്തീകരിച്ചു |
| 7 | പാലക്കാട് | കരിമ്പുഴ I | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 8 | വയനാട് | ചെറുകാട്ടൂർ | പൂർത്തീകരിച്ചു |
| 9 | കണ്ണൂർ | പെരിങ്ങളം | പൂർത്തീകരിച്ചു |
| 10 | കണ്ണൂർ | ഉദയഗിരി | പൂർത്തീകരിച്ചു |
| 11 | കണ്ണൂർ | തൃപ്പങ്ങോട്ടൂർ (എം.എൽ.എ. ഫണ്ട്) | പൊതുമരാമത്ത് വകുപ്പിനാണ് ചുമതല. നിർമ്മാണം പുരോഗമിക്കുന്നു. |

**മൂന്നാം ഘട്ടം - നിർമ്മാണം (2015-16)**

| ക്രമ നം. | ജില്ല | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | പള്ളിപ്പുറം | പൂർത്തീകരിച്ചു. |
| 2 | തിരുവനന്തപുരം | മാറനല്ലൂർ | പൂർത്തീകരിച്ചു. |
| 3 | തിരുവനന്തപുരം | കള്ളിക്കാട് | പൂർത്തീകരിച്ചു. |
| 4 | പത്തനംതിട്ട | വള്ളിക്കോട് | പൂർത്തീകരിച്ചു. |
| 5 | പത്തനംതിട്ട | തണ്ണിത്തോട് | പൂർത്തീകരിച്ചു. |
| 6 | ആലപ്പുഴ | കൃഷ്ണപുരം | പണികൾ അന്തിമ ഘട്ടത്തിൽ (കോടതി സ്റ്റേ) |
| 7 | ആലപ്പുഴ | കഞ്ഞിക്കുഴി | പൂർത്തീകരിച്ചു. |
| 8 | എറണാകുളം | ഐരാപുരം | പൂർത്തീകരിച്ചു. |
| 9 | പാലക്കാട് | തെക്കേദേശം | പൂർത്തീകരിച്ചു. |

**നാലാം ഘട്ടം – നിർമ്മാണം (2016 – 17)**

| ക്രമ നം | ജില്ല | വില്ലേജിന്റെ പേര് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | കഠിനംകുളം | പൂർത്തീകരിച്ചു. |
| 2 | കൊല്ലം | തഴുത്തല | പൂർത്തീകരിച്ചു. |
| 3 | കോട്ടയം | നെടുങ്കുന്നം | പൂർത്തീകരിച്ചു. |
| 4 | തൃശ്ശൂർ | ചെറുതുരുത്തി | പൂർത്തീകരിച്ചു. |
| 5 | പാലക്കാട് | കണ്ണാമ്പ്ര- 11 | പൂർത്തീകരിച്ചു. |
| 6 | കോഴിക്കോട് | പന്തീരാങ്കാവ് | പൂർത്തീകരിച്ചു. |
| 7 | കാസർഗോഡ് | വലിയപറമ്പ് | പൂർത്തീകരിച്ചു. |

**അഞ്ചാം ഘട്ടം (2017 – 2018)**

| ജില്ല | വില്ലേജ് | പുരോഗതി വിവരം |
|---|---|---|
| തിരുവനന്തപുരം | ചെറുവയ്ക്കൽ | പൂർത്തിയാക്കി |
| | കടയ്ക്കാവൂർ | അന്തിമഘട്ടത്തിൽ (Structure പൂർത്തിയായി) |
| | പട്ടം | പണി ആരംഭിച്ചിട്ടില്ല |

| | | |
|---|---|---|
| കൊല്ലം | ചണ്ണപ്പേട്ട | സംരക്ഷണ ഭിത്തി പൂർത്തിയായി, അടിസ്ഥാനം ഇട്ടു |
| | ഓച്ചിറ | അടിസ്ഥാനം ഇട്ടു |
| | കൊട്ടാരക്കര | പണി ആരംഭിച്ചിട്ടില്ല |
| പത്തനംതിട്ട | കുരമ്പാല | പണി പൂർത്തിയായി, ഉദ്ഘാടനം കഴിഞ്ഞു |
| | തുമ്പമൺ | പണി പുരോഗമിക്കുന്നു, മേൽക്കൂര കോൺക്രീറ്റ് കഴിഞ്ഞു |
| | മൈലപ്ര | പണി പൂർത്തിയായി |
| ആലപ്പുഴ | പട്ടണക്കാട് | പ്ലാസ്റ്ററിംഗ് |
| | പാണാവള്ളി | പ്ലാസ്റ്ററിംഗ് |
| | വള്ളികുന്നം | അന്തിമഘട്ടത്തിൽ |
| കോട്ടയം | വടക്കേമുറി | എഗ്രിമെന്റ് സ്റ്റേജ് |
| | വാഴൂർ | പൂർത്തിയായി |
| | കോരുത്തോട് | എഗ്രിമെന്റ് സ്റ്റേജ് |
| ഇടുക്കി | പെരിയാർ | ലിന്റിൽ ലെവൽ |
| | ഏലപ്പാറ | ടെണ്ടർ സ്റ്റേജ് |
| | അണക്കര | ടെണ്ടർ സ്റ്റേജ് |
| എറണാകുളം | മുളവൂർ | അടിസ്ഥാനത്തിന്റെ പണി കഴിഞ്ഞു. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| | പുതുവൈപ്പ് | അടിസ്ഥാനം ഇട്ടു. |
| | വെള്ളൂർക്കുന്നം | 1-ാം നില പില്ലർ, ഗ്രൗണ്ട് വാർത്തു, അന്തിമ ഘട്ടത്തിൽ |
| തൃശ്ശൂർ | പീച്ചി | റൂഫ് ലെവൽ |
| | വെള്ളിക്കുളങ്ങര | പൂർത്തിയായി |
| | എറിയാട് | പൂർത്തിയായി |
| പാലക്കാട് | ഓങ്ങല്ലൂർ -2 | ലിന്റിൽ ലെവൽ |
| | കൊങ്ങാട് - 2 | നിർമ്മാണം പുരോഗമിക്കുന്നു |
| | തൃത്താല | അടിസ്ഥാനം ഇട്ടു |
| കോഴിക്കോട് | കരുവൻ തുരുത്തി | 75% പൂർത്തിയായി |
| | ആയഞ്ചേരി | 25% പൂർത്തിയായി |
| മലപ്പുറം | മൂത്തേടം | ലിന്റിൽ ലെവൽ |
| | തൃക്കണ്ടിയൂർ | അടിസ്ഥാനം ഇട്ടു |
| വയനാട് | കപ്പാടി | പണി പൂർത്തിയായി |
| | കൽപ്പറ്റ | അന്തിമഘട്ടത്തിൽ |
| കണ്ണൂർ | ചൊക്ലി | പണി പൂർത്തിയായി |
| | ന്യൂ നടുവിൽ | പണി പൂർത്തിയായി |
| | തിരുമേനി | അന്തിമ ഘട്ടത്തിൽ |
| കാസർഗോഡ് | ബേളൂർ | പൂർത്തിയായി, ഉദ്ഘാടനം കഴിഞ്ഞു |
| | കള്ളാർ | ലിന്റിൽ ലെവൽ |
| | വോർക്കാടി | മേൽക്കൂര കോൺക്രീറ്റ് കഴിഞ്ഞു. |

ആറാം ഘട്ടം (2018- 19)

| ജില്ല | വില്ലേജ് | പുരോഗതി വിവരം |
|---|---|---|
| തിരുവനന്തപുരം | പരശുവയ്ക്കൽ | എഗ്രിമെന്റ് സ്റ്റേജ് |
| | കരുപ്പൂര് | എഗ്രിമെന്റ് സ്റ്റേജ് |
| | നേമം | എഗ്രിമെന്റ് സ്റ്റേജ് |
| | നഗരൂർ | എഗ്രിമെന്റ് സ്റ്റേജ് |
| കൊല്ലം | ശൂരനാട് വടക്ക് | എഗ്രിമെന്റ് സ്റ്റേജ് |
| | ഇടമൺ | എഗ്രിമെന്റ് സ്റ്റേജ് |
| | വെളിയം | എഗ്രിമെന്റ് സ്റ്റേജ് |
| | വെളിനല്ലൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | തലവൂർ | എഗ്രിമെന്റ് സ്റ്റേജ് |
| പത്തനംതിട്ട | ഇരവി പേരൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | അയിരൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | ഏനാത്ത് | നിർമ്മാണം ആരംഭിച്ചു |
| ആലപ്പുഴ | ചിങ്ങോലി | ടെണ്ടർ സ്റ്റേജ് |
| | അമ്പലപ്പുഴ വടക്ക് | ടെണ്ടർ സ്റ്റേജ് |
| | അത്രക്കുറ്റി | ടെണ്ടർ സ്റ്റേജ് |
| കോട്ടയം | വെള്ളൂർ | നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| | എരുമേലി വടക്ക് | നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| | ഓണം തുരുത്ത് | നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| ഇടുക്കി | ഇരട്ടയാർ | പണികൾ ആരംഭിച്ചിട്ടില്ല |
| | കാഞ്ചിയാർ | പണികൾ ആരംഭിച്ചിട്ടില്ല |
| | കാരിക്കോട് | പണികൾ ആരംഭിച്ചിട്ടില്ല |
| എറണാകുളം | കാക്കനാട് | ടെണ്ടർ സ്റ്റേജ് |
| | ആലുവ ഈസ്റ്റ് | എസ്റ്റിമേറ്റ് സ്റ്റേജ് |
| | തോപ്പുംപടി | ടെണ്ടർ സ്റ്റേജ് |
| | പോത്താനിക്കാട് | എസ്റ്റിമേറ്റ് ലെവൽ |
| തൃശ്ശൂർ | പാണഞ്ചേരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | കടങ്ങോട് | എസ്റ്റിമേറ്റ് സ്റ്റേജ് |
| | മടത്തുംപടി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | തളിക്കുളം | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ഗുരുവായൂർ | എസ്റ്റിമേറ്റ് സ്റ്റേജ് |
| പാലക്കാട് | ശ്രീകൃഷ്ണപുരം -2 | ഫണ്ട് കൂടുതൽ ആവശ്യമാണ് |
| | വെള്ളിനേഴി | എഗ്രിമെന്റ് സ്റ്റേജ് |
| | വിളയൂർ | സ്ഥലം ലഭ്യമല്ല, വില്ലേജ് മാറ്റത്തിനു സർക്കാരിൽ പ്രൊപ്പോസൽ കൊടുത്തു. |
| മലപ്പുറം | മലപ്പുറം | എസ്റ്റിമേറ്റ് സ്റ്റേജ് |
| | വെട്ടം | എസ്റ്റിമേറ്റ് സ്റ്റേജ് |
| | പുറത്തൂർ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | വഴിക്കടവ് | എസ്റ്റിമേറ്റ് സ്റ്റേജ് |

| | | |
|---|---|---|
| കോഴിക്കോട് | തിക്കൊടി | വില്ലേജ് മാറ്റത്തിനു സർക്കാരിൽ പ്രൊപ്പോസൽ കൊടുത്തു. |
| | കട്ടിപ്പാറ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ചങ്ങരോത്ത് | വില്ലേജ് മാറ്റത്തിനു സർക്കാരിൽ പ്രൊപ്പോസൽ കൊടുത്തു. |
| വയനാട് | മാനന്തവാടി | പണികൾ ആരംഭിച്ചിട്ടില്ല |
| | മുട്ടിൽ നോർത്ത് | പണികൾ ആരംഭിച്ചിട്ടില്ല |
| കണ്ണൂർ | ചെങ്ങളായി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | പട്ടുവിലായി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | കല്യാശ്ശേരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | മക്രേരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| കാസർഗോഡ് | ചിത്താരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | പരപ്പ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ചെറുവത്തൂർ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ഹൊസബെട്ടു | എസ്റ്റിമേറ്റ് സ്റ്റേജ് |

— x —

S.O R.V (F)